



# ദൈവഗതി

## ഇടശ്ശേരി

ഒരു സങ്കടഹരജിക്കാരനെ കണ്ടാവൂ എന്നായ മഹാരാജാ ശ്രീരാമചന്ദ്രന്റെ മിഥ്യാബോധത്തിനു മുമ്പിൽ യാഥാർത്ഥ്യത്തിന്റെ ഒരു വലിയ ആനപ്പടി തന്നെ തുറന്നിട്ടുകൊടുക്കുകയല്ലേ ആ ചാവാറായ ചൊക്ലിപ്പട്ടി ചെയ്തത്? ഈ ആലോചന എന്നെ രസംപിടിപ്പിച്ചു.

വന്നേരി ബുക്ക് ഡിപ്പോ ഈയിടെ പുസ്തകരൂപത്തിൽ പുറത്തിറക്കിയ നാലപ്പാടിന്റെ ദൈവഗതി*യെന്ന പഴയ തുള്ളൽപാട്ട് മലയാളത്തിലെ ഹാസ്യസാഹിത്യത്തിൽ തികച്ചും പുതിയ ഒന്നാണ്.

രാജഹിതമനുസരിച്ച് ലക്ഷ്മണൻ താൻതന്നെ സങ്കടക്കാരാരാനുമുണ്ടോ എന്നു തിരക്കി നടന്ന് ഒടുവിൽ ഒരു പട്ടിയെ കണ്ടെത്തുന്നു. അടി കൊണ്ട് ചാകാറായിക്കിടക്കുന്ന അതിനെ കെട്ടിവലിച്ചു രാജസദസ്സിലെത്തുന്നു. പട്ടിക്ക് അസ്സലായി സംസാരിക്കാനറിയാം. അതിനെ ദണ്ഡിച്ച ബ്രാഹ്മണകുമാരൻ, വഴിയെ, രാജാജ്ഞയാൽ സദസ്സിൽ ആനീതനായി. തലേന്നു പട്ടിണി കിടന്ന ഭിക്ഷുവൃത്തിയായ താൻ യാചനയ്ക്കിറങ്ങിയപ്പോൾ ദുശ്ശകുനത്തിനെത്തിയ ഇതിനെ അത്രയൊന്നുമോർക്കാതെ ഒന്നു തല്ലിപ്പോയി; ഗ്രഹപ്പിഴയെന്നു പറയട്ടേ, അതിന്റെ എല്ലൊടിഞ്ഞു. അദ്ദേഹം രാജാവിന്റെ ശിക്ഷയേൽക്കാൻ ഒരുങ്ങിനില്പായി. വിജ്ഞരായ സാമാജികർ വിധിച്ചു, ബ്രാഹ്മണകുമാരനെ വെറുതെ വിടണമെന്ന്. സങ്കടക്കാരൻ തന്റെ ഒടുവിലത്തെ അഭിലാഷം മഹാരാജാവിനോടുണർത്തിച്ചു: ‘ഈ ഭൂദേവയുവാവിനെ ദേവസ്വം ഭരണം ഏല്പിക്കണം.’ അനുവദിച്ചു. തെണ്ടിത്തിരിഞ്ഞു നടന്ന ആ ചെറുപ്പക്കാരൻ ഉത്തരക്ഷണത്തിൽ ഭൂഷണങ്ങളണിഞ്ഞു പല്ലക്കിലേറി നടക്കുമാറ് പ്രതാപശാലിയായ ദേവസ്വം കാര്യക്കാരായി നിയമിക്കപ്പെട്ടു. ജനങ്ങൾക്കൊരു സന്ദേഹം, – ‘പാപഫലം ഇങ്ങനെയുമാകാമോ?’ രാജാജ്ഞയനുസരിച്ച് ആ ചാകുന്ന നായ സ്വന്തം ജീവിതരഹസ്യത്തെ വെളിപ്പെടുത്തുന്നു; ഇപ്പോൾ അവസാനിക്കുന്ന ഈ നരകയാതനാപൂർണമായ ജീവിതത്തിനു പാത്രമായ താൻ മുജ്ജന്മത്തിൽ ദേവസ്വം കാര്യക്കാരായിരുന്നുവെന്ന്. കർമഫലത്തിലും ജന്മാന്തരങ്ങളിലും വിശ്വസിക്കുന്ന ആ ഹൈന്ദവസദസ്സ് ആ പ്രഭുകുമാരനിൽ വന്ന മാറ്റത്തെ കടുത്ത ശിക്ഷയായി ദർശിച്ചു നീതിദാഹത്തെ അടക്കുന്നു. ഇതത്രെ ദൈവഗതിയിലെ കഥാസാരം.

നമുക്ക് ഹാസ്യസാഹിത്യത്തിന്റേതായ കനത്തൊരു ഭണ്ഡാരമുണ്ട്. കുഞ്ചൻ മുതൽ സഞ്ജയൻ വരേയ്ക്കുള്ള വിദഗ്ദ്ധസാഹിത്യകാരന്മാർ അതിന്റെ നാനാ കള്ളികളിലും ‘മുഴുവൻ നാണയങ്ങൾ’ നിറച്ചിട്ടുമുണ്ട്. എന്നിട്ടും, പലരോടും ക്ഷമിക്കേണമെന്നപേക്ഷയുണ്ട്. ആലോചനാർഹമാകുമാറ് ആഴമുള്ള ഹാസ്യകാവ്യങ്ങൾ നമ്മുടെ ഭാഷയിൽ ഏറെയൊന്നുമുണ്ടായിട്ടില്ല. കുഞ്ചൻ തുടങ്ങിവെച്ച്, അഥവാ വിജയം പ്രാപിച്ച ആ തുറന്ന ഫലിത്രപയോഗങ്ങളെ അപ്പടി അനുകരിക്കുകയാണ് പിന്നീടുള്ളവർ ഏറിയകൂറും ചെയ്തത്.

കേട്ടാലങ്ങു പൊട്ടിച്ചിരിക്കുക-ഇതാണ് മലയാളത്തിലെ ഇതേവരേത്തെ ഹാസ്യകൃതികളുടെ സാമാന്യലക്ഷണം. ‘പൂശകൻ’ മുതലായ പദപ്രയോഗങ്ങൾ തുടങ്ങി ബി.എ. മായാവി തുടങ്ങിയ ഇതിവൃത്തങ്ങളുടെ രൂപവത്കരണത്തോളം ഈയൊരുതരം ഹാസ്യരസം നടമാടുന്നതു കാണാം. മുനിസിപ്പാലിറ്റി ഗട്ടറിലെ ദുർഗന്ധത്തേക്കാൾ ശക്തിയിലും വേഗത്തിലും അവയെപ്പറ്റിയുള്ള നിരൂപണങ്ങളിൽനിന്നു തുളുമ്പുന്ന പൊട്ടിച്ചിരി നിങ്ങളെ ശ്വാസം മുട്ടിച്ചുകളയുക-അത്തരം കല്ലുവെച്ച ഹാസ്യരസംകൊണ്ടാണല്ലോ സഞ്ജയൻ കൈകാര്യം നടത്തിയത്.

‘ദൈവഗതി’യാകട്ടെ, തികച്ചും മറ്റൊരു തരത്തിലുള്ളതാണ്. ഇതിൽ പ്രയുക്തമായിരിക്കുന്ന ഹാസ്യം മുമ്പു പറഞ്ഞ വകുപ്പിൽ ഉള്ളതേ അല്ല. അത്തരം പ്രയോഗവിഷയങ്ങളിലൊന്നും കവി ശ്രദ്ധിച്ചിട്ടേ ഇല്ലെന്നു തോന്നും. ആ പഴയ തുള്ളൽപാട്ടുകളെ ഓർമിപ്പിക്കുന്ന വളരെ കുറച്ചു ഭാഗങ്ങളേ ഇതിലുള്ളൂ. അതിലൊന്നാണ്, സങ്കടക്കാരുണ്ടോ എന്നു വിളിച്ചു ചോദിക്കുന്ന ഉദ്യോഗസ്ഥൻ,

‘വങ്കന്മാരെ വിളിച്ചാൽകാണി-
ല്ലെങ്കൽപ്പാടു കിടക്കും പിന്നെ
..........................................



**ദൈവഗതി**

**ഇടശ്ശേരി**

2

'ഇവരെത്തേടി നടക്കാൻ പണിയിവ-
നവസാനിക്കാപ്പണികൾ കിടപ്പൂ.'

എന്നാവലാതിപ്പെടുന്ന ഭാഗം.

'ദൈവഗതി'യിലെ ഹാസ്യത്തിന്റെ പോക്കെങ്ങനെയാണ്? ഞാൻ അതു വിവരിക്കാൻ നോക്കാം. ഏതു കാലത്തും ഏതു രാജ്യത്തുമുണ്ട് സങ്കടങ്ങൾ; മരണം മുതലായ അനിവാര്യതകൾ മാത്രമല്ല, ദാരിദ്ര്യം മുതലായി മനുഷ്യനുതന്നെ നികത്താവുന്നവ കൂടി. അത്തരം വ്യഥകളുടെ ഞരക്കങ്ങൾ രാജകീർത്തനങ്ങളിൽ മുങ്ങിപ്പോകുന്നെങ്കിൽ രാജവാഴ്ച മെച്ചപ്പെട്ടതായി. അപ്പോൾ, സ്തുതിഗീതങ്ങളുടെ മുഴക്കം ഒരണുവും താഴാതെ നോക്കുകയെന്നത് പ്രധാനമായൊരു രാജധർമമാകുന്നു. എല്ലാ രാജധർമങ്ങളിലും സശ്രദ്ധനായിരുന്ന ശ്രീരാമചന്ദ്രന്റെ മുമ്പിൽ-അദ്ദേഹവും സ്തുതിഗീതങ്ങളാൽ വഞ്ചിതനായിരുന്നുവോ?-ദൈവഗതി ഒരു യാഥാർഥ്യത്തെ പിടിച്ചുയർത്തിക്കാണിക്കുകയാണ്. ഹരിക്കാരൻ പറഞ്ഞു, 'സങ്കടക്കാരില്ല.' ഭടന്മാർ പറഞ്ഞു, 'ആരെയും കാണുന്നില്ല.' എന്നിട്ടു തിരഞ്ഞുപിടിച്ച് ഒരാളെ കിട്ടിയപ്പോൾ ആ വഴിക്കതാ പുറത്തുചാടുന്നൂ നാട്ടിലെ അനേകതരം ക്ലേശങ്ങൾ! രണ്ടു ദിവസമായി ഭക്ഷണം കിട്ടാത്ത ബ്രാഹ്മണൻ അയോധ്യയിലെ പ്രഭുക്കളുടെ ഔദാര്യശീലത്തെ വിവരിക്കുകയാണല്ലോ. ബ്രാഹ്മണപ്രാമാണ്യത്തെ നിലനിർത്തുവാൻ ശൂദ്രയോഗിയെ വധിച്ചുകളയുന്ന മഹാരാജാവിന്റെ നാട്ടിൽനിന്നുള്ള ഈ റിപ്പോർട്ട് അവിടത്തെ ഭയങ്കരമായ ഒരു സാമ്പത്തികക്കുഴപ്പത്തെയാണ് പുറത്തുകൊണ്ടുവരുന്നത്.

ഇതിലും ഭയങ്കരമായ മറ്റൊരു സംഗതി; അക്കാലത്തും ദേവസ്വം ഭരണം ഇഹപരങ്ങളിൽ ഒരുപോലെ ധാരാളം സമ്പാദ്യത്തിനുള്ള വഴിയാണ്. അടുത്ത ജന്മത്തിലേക്ക് ഒരു നല്ല ഈടുവെപ്പിനുള്ള വകകൂടി കരുതാവുന്ന വിധം അത്ര കനത്തിലുള്ള സമ്പാദ്യം. ഭൂമിയിലും നരകത്തിലും ഏക്കർ കണക്കിൽ ജന്മം വാങ്ങാൻ വേണ്ട തുക ജനങ്ങളെ പ്രീണിപ്പിക്കുന്നതിൽ നിന്നു കൈവരുന്നതല്ലല്ലോ. അപ്പോൾ ദാരിദ്ര്യത്തിന്റെ കൂടെ ആ പൊന്നു തിരുമേനിയുടെ നാട്ടിൽ നടമാടിയിരുന്ന കൈക്കൂലിക്കും കള്ളത്തരത്തിനും കനത്ത മറ്റെല്ലാ പാതകങ്ങൾക്കുംകൂടി കൂട്ടത്തിലൊന്ന് ജയ് വിളിക്കുക.

പട്ടിയുടെ സ്വർഗാരോഹണത്തിനുശേഷം ശ്രീരാമസ്വാമിക്ക് അധികമൊന്നും ഹരജിക്കാരെ കാണണമെന്ന മോഹം ശേഷിച്ചിരിക്കയില്ല!

ഇങ്ങനെയൊക്കെയായിട്ടും 'രാമരാജ്യം' യുഗങ്ങളെ അതിജീവിച്ച് ഇന്നും ഒരു മനോഹരസ്വപ്നമായി നിലകൊള്ളുമാറ് അതിനെ ഓമനിച്ചു കൂട്ടുന്ന പൊതുജനാഭിപ്രായം എന്ന ഒന്നിനെ, മഹത്തും യാഥാസ്ഥിതികവും അന്ധവും ആയ ആ ഒന്നിനെ തന്മയത്വത്തോടെ ചിത്രീകരിക്കുന്നതാണ് ഈ കാവ്യത്തിലെ ഏറ്റവും ഉത്കൃഷ്ടമായ കലാവിദ്യ. മൂക്കിന്നപ്പുറമെത്താത്ത അതിന്റെ വീക്ഷണങ്ങളും എന്തിനു നേർക്കും അത്ഭുതപ്പെടാനുള്ള അതിന്റെ സജ്ജതയും എപ്പോഴും ഉച്ചത്തിലുള്ള അതിന്റെ അഭിപ്രായപ്രകടനങ്ങളും എപ്പോഴും മാറിക്കൊണ്ടിരിക്കുന്നതും മാറുന്നതുവരെ ഏറ്റവും ഊർജിതത്തിൽ നിൽക്കുന്നതുമായ അതിന്റെ തീരുമാനങ്ങളും എല്ലാംകൂടി ഓമനത്തം തികഞ്ഞ ഒരു ജനതയെ ചിത്രീകരിക്കുന്നതിൽ യുവകവിയായിരുന്ന ഈ ഗ്രന്ഥകാരൻ അത്ഭുതാവഹമായ പാടവം കാണിച്ചിരിക്കുന്നു.

ചില സന്ദർഭങ്ങൾ നോക്കുക:

ലക്ഷ്മണനോട് പട്ടി, 'എന്റെ സങ്കടം രാജാവിനോടു പറയാം. വല്ലവരോടും പറയില്ല' എന്നറിയിച്ചപ്പോൾ അത്ഭുതപ്പെട്ട ജനങ്ങൾ പറയുന്നു.

'എന്തു വിസ്മയമൊരു ജന്തു കടന്നുവന്നു
തന്തിരുവടിയോടിപ്പന്തിയിൽ പറകയോ
മാനവാദികൾക്കാകമാനമാപത്തണഞ്ഞാൽ
ദീനത തീർത്തുവിടും മാനവേശ്വരപുത്രൻ
സാരമില്ലേതുമൊരു സാരമേയത്തിനുള്ള
പാരവശ്യത്തെ തീർപ്പാൻ പോരായെന്നല്ലീ കേൾപ്പൂ.'

വീണ്ടും ലക്ഷ്മണൻ ആ ചൊക്കിളിനായയുടെ സങ്കടക്കാര്യം രാജസദസ്സിൽ ഉണർത്തിക്കാൻ പോയപ്പോൾ അതേ ജനങ്ങൾക്ക് കോപം വന്നു. അവർ രാജാവിനെക്കൂടി പഴിക്കാനൊരുങ്ങി:

'നേരുപറഞ്ഞാലേറിയ ദയകൊ-
ണ്ടാരും ചോദിക്കില്ലെന്നായാൽ
മാറുകയില്ലിനി നായ്ക്കൾ, ശിരസ്സിലു-
മേറും, നമ്മൾ പൊറുക്കേ വേണ്ടൂ
ഇതിനെക്കുറ്റം പറയേണ്ടാത്മ-
സ്ഥിതിനോക്കാത്തോർക്കിങ്ങനെതന്നെ.





അവരവരുടെ നില നോക്കാതീ വക
ശവമൊടു ഞായം പറയാൻ നിന്നാൽ
ഏവം പറ്റണ,മേവം പറ്റിടും.'

ലക്ഷ്മണൻ അതിനെ രാജസദസ്സിലേയ്ക്കാനയിക്കുമ്പോഴാട്ടെ പൊതുജനാഭിപ്രായം ഇങ്ങനെയായി.

'നിയ്യെവിടുന്നു വരുന്നൊരു ജന്തു?
ആരെശ്ശകുനം കണ്ടു വഴിക്കവ-
നാരെന്നാലും ഗുണവാൻ തന്നെ.
................................................
നിന്നുടെ ഭാഗ്യം, മറ്റിവരെന്തിനു
നിന്നു വൃഥാവിൽ വിചാരിക്കുന്നു!'

പട്ടി, രാജാവിനോട് നല്ല ഭാഷയിൽ സങ്കടമുണർത്തിക്കുമ്പോഴാകട്ടേ അവരെല്ലാം അതിന്റെ ഭാഗത്താണ്; എതിർകക്ഷിയെപ്പറ്റി വിധിയും ആയിക്കഴിഞ്ഞു.

'കഷ്ടം താനിച്ചെയ്തതൊരു, കയ്യറു-
ദുഷ്ടനെവന്നിതു തോന്നിപ്പോയി'

ഇത്യാദി കുറ്റക്കാരനായ ആരണനെ വിലങ്ങുവെച്ചു കൊണ്ടുവരുന്ന ഭടന്മാരുടെ ധർമപ്രസംഗങ്ങൾകൂടി ബഹുജനങ്ങൾ ഭക്ത്യാദരപുരസ്സരമാണ് കേൾക്കുന്നത്!

ബ്രാഹ്മണയുവാവ് തന്റെ കഥ പറഞ്ഞു തീർത്തു. ബഹുജനങ്ങളാകട്ടെ, ഇപ്പോൾ അദ്ദേഹത്തിന്റെ ഭാഗത്താണ്. അവരുടെ നീതിബോധമോ? '...ഒരു നായയെ ഭൂസുരപുത്രൻ കരുണ വെടിഞ്ഞു വധിച്ചാൽതന്നെ അതിനെന്താണൊരു ശിക്ഷ? എന്നുവരെ എത്തിക്കഴിഞ്ഞു.

ബ്രാഹ്മണന്റെ വിചിത്രമായ സ്ഥിതിഭേദം കണ്ടപ്പോൾ പൊതുജനമാകട്ടെ നിന്നു മിഴിക്കുകതന്നെ ചെയ്തു.

ഒടുവിലോ ശുനകന്റെ പൂർവചരിത്രമറിഞ്ഞ് തൃപ്തരായ അവർക്ക് ഒന്നേ ചെയ്യാനുള്ളൂ:

'അവിടെയെഴുമേവരും ശ്രീരാമചന്ദ്രനെ
വിവിധമുരുഭക്തിയാൽ കൂപ്പിപ്പുകഴ്ത്തിനാർ'

ഈ പുകഴ്ത്തലിൽ, അയോധ്യയിലെ വിശപ്പും ദാഹവും അതോടൊപ്പമുള്ള എല്ലാ വ്യഥകളും പൂഴ്ത്തപ്പെട്ടുകഴിഞ്ഞു. ഈ മുഗ്ധതയെ, മഹത്തായ ജനസമുദായത്തിന്റേതായ ഈ സവിശേഷ സ്വഭാവത്തെ, അലിയിക്കുന്ന ഒരു പുഞ്ചിരിയോടുകൂടി നോക്കിക്കാണലാണ് ഈ കാവ്യത്തെ ഇതരഹാസ്യകാവ്യങ്ങളിൽനിന്നു വേർതിരിച്ചു നിർത്തുന്ന പ്രത്യേകത. എന്റെ അഭിപ്രായത്തിൽ സഹൃദയരെ അധികം ആകർഷിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യുന്ന അത്യുത്തമമായ കലാമാതൃക.

അധികമൊന്നും അപ്രകൃതമല്ലാത്ത ഈയൊരു സംഗതികൂടി പറഞ്ഞുകൊള്ളട്ടെ. ശ്രീരാമഭക്തന്മാർ 'ദൈവഗതി'യുടെ അവതാരികാകാരനോട് ഏറ്റവുമധികം നന്ദിയുള്ളവരാണ്. അദ്ദേഹം ഈ കഥ വാല്മീകിരാമായണത്തിലുള്ള ഒരു പ്രക്ഷിപ്തസർഗമാണെന്ന് എടുത്തുപറഞ്ഞിട്ടുണ്ട്.

*നാലപ്പാടിന്റെ 'ദൈവഗതി' എന്ന കവിതയ്ക്ക് ഒരാസ്വാദനം.

മംഗളോദയം, പു. 22, ല. മേടം 1121, പു. 9–11, 1946